# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 3601 — 25-06-2013-ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി. കമ്പ്യൂട്ടറൈസേഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ .റ്റി.എ.അഹമ്മദ് കബീർ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) കെ.എസ്.ഇ.ബി.പൂർണ്ണമായും കമ്പ്യൂട്ടറൈസേഷനാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (എ) & (ബി) | കെ.എസ്.ഇ.ബി-യുടെ താഴെ പറയുന്ന പ്രധാനപ്പെട്ട മേഖലകളുടെ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി. |
| (ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ ? | | 1. എൽ.ടി ഉപഭോക്താക്കളുടെ ബില്ലിംഗ് — എല്ലാ ഇലക്ട്രിക്കൽ സെക്ഷനുകളുടെയും എൽ.ടി. ബില്ലിംഗ് പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം 23.04.2013 മുതൽ ലഭ്യമാക്കിയിട്ടുണ്ട്.<br>2. എച്ച്.ടി./ഇ.എച്ച്.ടി ഉപഭോക്താക്കളുടെ ബില്ലിംഗ് — ബിൽ തയ്യാറാക്കുന്നതിനും ഇന്റർനെറ്റ് വഴി പണമടയ്ക്കുക, ബിൽ വ്യൂ ചെയ്യുക തുടങ്ങിയ സേവനങ്ങൾ നൽകുവാനുമുള്ള കമ്പ്യൂട്ടർവൽക്കരണ നടപടികൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>3. ബോർഡിലെ അക്കൌണ്ട് റെൻഡറിംഗ് യൂണിറ്റുകളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായി.<br>4. മാനവശേഷി വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കി. |

5. മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കി.

മേൽപ്പറഞ്ഞവ കൂടാതെ കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണശൃംഖല നവീകരിക്കുന്ന തിനുള്ള പദ്ധതിയായ ആർ.എ.പി.ഡി.ആർ പി പദ്ധതിയുടെ പാർട്ട്-എ യുടെ ഭാഗമായി ട്ടുള്ള ഐ.ടി ഇംപ്ലിമെന്റേഷൻ മുഖേന വിതരണ മേഖലയുടെ സമഗ്രമായ കമ്പ്യൂട്ടർവൽക്കരണവും ലക്ഷ്യമിടുന്നു. ആർ.എ.പി.ഡി.ആർ.പി പദ്ധതിയിൽ ഉൾപ്പെടുത്തി ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച് നെറ്റ്‌വർക്കിംഗ് നടത്തുക, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടി ഡാറ്റാ സെന്റർ സ്ഥാപിക്കുക, ഊർജ്ജ ഓഡിറ്റിംഗ് നടപ്പിലാക്കുക, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) നടപ്പിലാക്കുക, ജി.ഐ.എസ് അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തുക തുടങ്ങിയ ജോലികൾ നടപ്പിലാക്കാൻ വേണ്ടി പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഐ.ടി ഇംപ്ലിമെന്റേഷനുവേണ്ടിയുള്ള കരാർ കെപ്കൊ കെ.ഡി.എൻ എന്ന കൊറിയൻ കമ്പനിക്കാണ് നൽകിയത്.

സെക്ഷൻ ഓഫീസർ